LIBRARY ARCHIVES Kerala Legislative Assembly

## കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണം

151(421) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ടെക്സ്റ്റൈൽസ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; നിലവിലെ മില്ലിന്റെ നവീകരണത്തിനായി പ്രഖ്യാപിച്ച 7 കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലെന്ന് അറിയിക്കാമോ?

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ യൂണിറ്റായ ' കോട്ടയം ടെക്സ്റ്റൈൽസ് ' അസംസ്കൃത വസ്തുവിന്റെ അഭാവംമൂലം 3-1-2020 മുതൽ പ്രവർത്തനക്ഷമമല്ല. വൈദ്യുതി ചാർജ്ജ് കുടിശ്ശിക വന്നതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. വൈദ്യുതി വിഛേദിച്ചതിനെത്തുടർന്ന് 7-2-2020 മുതൽ മിൽ ലേ-ഓഫിലാണ്. കോട്ടയം ടെക്സ്റ്റൈൽസ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി 1.51 കോടി രൂപ ആദ്യ ഗഡുവായി റിലീസ് ചെയ്യുകയുണ്ടായി. തൊഴിലാളികളുടെ ഷിഫ്റ്റ് സംബന്ധമായ തർക്കവിഷയം ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെ പരിഗണനയിലായതിനാൽ മിൽ തുറന്ന് പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. മില്ലിന്റെ വികസന പ്രവർത്തനങ്ങൾക്കായി 2019-20 വർഷത്തെ ബഡ്ജറ്റിൽ 7 കോടി രൂപ അനുവദിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. മിൽ തുറന്ന് പ്രവർത്തിക്കാൻ നിർവാഹമില്ലാത്തതിനാൽ നവീകരണ പ്രവർത്തനങ്ങൾ നടന്നിട്ടില്ല.

(ബി) സ്ത്രീ തൊഴിലാളികളുടെ രാത്രികാല ഷിഫ്റ്റ് സംബന്ധിച്ചുള്ള പ്രശ്നത്തിൽ നിയമനിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

രാത്രി ഷിഫ്റ്റുകളിൽ സ്ത്രീ തൊഴിലാളികൾക്ക് ഫാക്ടറികളിൽ ജോലി ചെയ്യുന്നതിന് അനുമതി നൽകുന്നതിനായി ഫാക്ടറീസ് ആക്ട്, 1948 സെക്ഷൻ 66-ൽ നിയമാനുസൃതമായി ഭേദഗതി വരുത്തുന്നതിനുള്ള കരട് ഓർഡിനൻസ് അംഗീകരിക്കുന്നതിനും ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിന് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ മുൻകൂർ അനുമതിയും ആവശ്യമായതിനാൽ മന്ത്രിസഭ അംഗീകരിച്ച ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനായി ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ മുൻകൂർ അനുമതി തേടിയിരിക്കുകയാണ്.

(സി) കോട്ടയം ടെക്സ്റ്റൈൽസിലെ തൊഴിലാളികളുടെ റിട്ടയർമെന്റ് ആനുകൂല്യം മുഴുവനായി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് കൊടുത്തുതീർക്കാൻ കഴിയും എന്നറിയിക്കാമോ?

തുടർച്ചയായി നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം മില്ലിലെ ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ കൊടുത്തുതീർത്തിട്ടില്ല. കോർപ്പറേഷന്റെ ധന ലഭ്യതയ്ക്കനുസരിച്ച് റിട്ടയർമെന്റ് ആനുകൂല്യം അനുവദിച്ച് നൽകുന്നതാണ്.

**എം.എസ്.എം.ഇ.-യിൽ ചെറുകിട യൂണിറ്റുകൾ**

152(422) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എസ്.എം.ഇ.-യിൽ ചെറുകിട മേഖലാ യൂണിറ്റുകൾ ആരംഭിക്കുന്നതിന് അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നം ഫണ്ടിന്റെ അപര്യാപ്തതയാകയാൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് സർക്കാർ നൽകുന്നത്?

വ്യവസായ വാണിജ്യ വകുപ്പ് മുഖാന്തരം സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലുള്ള സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി, ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് എന്നിവയാണ് പ്രധാനം. സംരംഭക സഹായപദ്ധതി: ഉത്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 30% വരെ (പരമാവധി 30 ലക്ഷം) ലഭിക്കും.

നാനോ ഗാർഹിക സംരംഭങ്ങൾ: അധികമായി 6% മുതൽ 8% വരെ ബാങ്ക് പലിശ സബ്സിഡി ലഭിക്കും.

മാർജിൻ മണി ഗ്രാന്റ്: 30% ഗുണഭോക്താക്കളും സ്ത്രീസംരംഭകരായിരിക്കും. ജനറൽ വിഭാഗത്തിന് പരമാവധി 3 ലക്ഷം രൂപയും മുൻഗണനാ വിഭാഗത്തിന് 4 ലക്ഷം രൂപയും ലഭിക്കും.

(ബി) പ്രസ്തുത മേഖലയിൽ മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ് ആരംഭിക്കുമെന്ന മുൻ സർക്കാരിന്റെ പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 2020-21 സാമ്പത്തിക വർഷം മുതൽ മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly